ചെറുകഥ

# വീണ്ടും പ്രഭാതം

## -എ.സി. ജോർജ്ജ്-

പ്രശാന്തസുന്ദരമായ കൊച്ചിക്കായലിനു അഭിമുഖമായി മറൈൻഡ്രൈവിൽ ആധുനിക രീതിയിൽ പണികഴിപ്പിച്ച അതിരമ്യമായ ത്രീ ബെഡ്റൂം വില്ലയിലേക്ക് ഒറ്റത്തടിയനും അറുപത്തഞ്ചുകാരനുമായ, അമേരിക്കയിൽ നിന്നും തിരിച്ചെത്തിയ ഗോപിനാഥ് താമസം മാറ്റി.

ഗോപിനാഥ് ന്യൂയോർക്കിലെ ഭുഗർഭ റെയിൽവേ ഡിപ്പാർട്ടുമെന്റിൽ രാപ്പകലില്ലാതെ അധ്വാനിച്ച്, ചോര നീരാക്കി, ധാരാളം ഓവർടൈം ചെയ്ത് ഒരു നല്ല തുക സമ്പാദിച്ചു. അൽപസ്വൽപം ഷുഗറും ബ്ലഡ്പ്രഷറും ഒക്കെ ആയപ്പോൾ റിട്ടയർമെന്റും എടുത്ത് വീട്ടിൽ കുത്തിയിരുന്ന് ബേസ്മെന്റിൽ ചീട്ടുകളിയും സ്മോളടിയുമൊക്കെയായി ഇവിടെ ജീവിതം ഒന്നു ആസ്വദിച്ചു തുടങ്ങിയപ്പോഴേക്കും നേഴ്സായ ഭാര്യ ഇടഞ്ഞു. രണ്ട് മക്കളുണ്ടായിരുന്നത് അവരുടെ കാര്യം നോക്കി കൂടുവിട്ടുപോയി. ഭാര്യ പങ്കജം ഇപ്പോഴും ഒരു ജോലി ചെയ്യുന്നു. ഈ ജോലി ഒക്കെ നിർത്തി ഉള്ള സമ്പാദ്യം കൊണ്ട് നാട്ടിൽ പോയി സെറ്റിൽ ചെയ്യുകയോ അല്ലെങ്കിൽ നാട്ടിലും അമേരിക്കയിലുമായി കാടാറുമാസം നാടാറുമാസം എന്ന രീതിയിൽ വന്നും പോയുമിരിയ്ക്കാമെന്ന് പങ്കജത്തോട് പലവട്ടം കേണപേക്ഷിച്ചതാണ്. എല്ലാവർക്കും ന്യൂയോർക്കിലെ മരംകോച്ചുന്ന കൊടിയതണുപ്പിൽ സ്നോയും കോരി വീണുചാകാനാണ് യോഗമെന്നു തോന്നുന്നു.

പങ്കജത്തിന്റെ നിത്യേനയുള്ള വാക്ശരങ്ങളും, ബഡായികളും, ദ്രോഹങ്ങളും, അസഹിഷ്ണുതയും ഗോപിനാഥിനെ പൊറുതിമുട്ടിച്ചു. എന്തിനേറെ, താമസിയാതെ ആ ബന്ധം തകർന്നു. നിയമപരമായി അവർ വേർപിരിഞ്ഞു.

അമേരിക്കയിൽ നിന്ന് കൈനിറയെ ഡോളറും പെട്ടിയും പ്രമാണങ്ങളും കാറും ടെലിവിഷനും ഡിവിഡിയും കമ്പ്യൂട്ടറും ഒക്കെയായി കൊച്ചിയിലെ വില്ലയിൽ താമസമാക്കിയ ഗോപിനാഥിനെ സന്ദർശിക്കാനും പരിചയപ്പെടാനും സ്നേഹബന്ധങ്ങൾ സ്ഥാപിക്കാനും ധാരാളം ആളുകളെത്തി. ഫ്രിഡ്ജിൽ നിന്ന് തണുത്ത ജൂസും ലഹരിയുള്ള ഷിവാസും ജോണിവാക്കറും വിദേശ സിഗരറ്റുകളും തരംപോലെ നൽകി ചിരിച്ച മുഖവുമായി ഗോപിനാഥ് എല്ലാവരെയും സ്വീകരിച്ച് സൽക്കരിച്ചു.

ഗോപിനാഥിന്റെ കൊച്ചിയിലെ പുതിയവാസം ഒരാഴ്ച പിന്നിട്ട ഒരു ദിവസമായിരുന്നു രാമനുണ്ണി ആ വഴിക്ക് വന്നത്. തുറന്നിട്ട ഗേറ്റിനു മുന്നിൽ ഒരു നിമിഷം രാമനുണ്ണി ശങ്കിച്ചുനിന്നതു കണ്ട് ഗോപിനാഥ് വിളിച്ചു.

"എന്താ സംശയിക്കുന്നത്? വരൂ... വരൂ... ഒൻപതാം ക്ലാസ്സിലും പത്താം ക്ലാസ്സിലും ഒരുമിച്ചു പഠിച്ച രാമനുണ്ണിയല്ലേ? വരൂ - വരൂന്നേ ... "

അന്ന് ആ സഹപാഠികൾ സ്കൂളിലെ ഒത്തിരി ഒത്തിരി ഊഷ്മള സ്മരണകൾ അയവിറക്കി. തുടർന്ന് രാമനുണ്ണി ഗോപിനാഥിന്റെ ഒരു നിത്യ സന്ദർശകനായി മാറി. രാമനുണ്ണി ചെറുതും വലുതുമായി ഒരു നല്ല തുക ഗോപിനാഥിൽ നിന്ന് കടമായി വാങ്ങി.

ഗോപിനാഥിന്റെ വീട്ടുജോലിക്കായി ഒരു സ്ത്രീയുമായിട്ടാണ് അന്ന് രാമനുണ്ണി എത്തിയത്. ഒരു മാസം ജോലിക്ക് പതിനായിരം രൂപ കൊടുക്കാമെന്നാണ് രാമനുണ്ണിയോടുള്ള കരാർ. രാമനുണ്ണിയുടെ കൂടെ ഗേറ്റ് കടന്ന് പൂമുഖത്തേക്ക് നീങ്ങിവന്ന ആ സ്ത്രീ രൂപം ഗോപിനാഥിന്റെ കണ്ണുകളിൽ ആശ്ചര്യവും അവിശ്വസനീയതയും പടർത്തി. ദാരിദ്ര്യത്തിന്റെയും പ്രായത്തിന്റെയും ചുക്കിയ ചുളിവുകൾ ആ ശരീരമാസകലം ബാധിച്ചിട്ടുണ്ടെങ്കിലും ഏതോ കാലങ്ങൾക്ക് മുമ്പ് കണ്ടുമറന്ന ആ നാലുകണ്ണുകളും അന്യോന്യം

ഇടഞ്ഞു. ഇരുവരുടെയും മുഖങ്ങളിൽ ജാള്യതയും ആശ്ചര്യവും അലതല്ലി. ആ ഹൃദയങ്ങൾ പ്രക്ഷുബ്ധമായിരുന്നു.

"എന്റെ ഭാര്യ പ്രഭാവതിയെ തന്നെ ഗോപിനാഥിന്റെ വീട്ടിൽ ജോലിക്ക് നിർത്താമെന്നു കരുതി. ആ കൂലി ഞങ്ങൾക്ക് കിട്ടിയാൽ ഞങ്ങളുടെ ഇന്നത്തെ അവസ്ഥക്ക് ഒരു ആശ്വാസമാകുമെന്ന് കരുതി. ഞങ്ങളുടെ പഴയ പ്രതാപവും സ്വത്തും എല്ലാം നഷ്ടമായി. ഇനിയും അന്തസ്സും ആഭിജാത്യവും പറഞ്ഞിരുന്നിട്ട് കാര്യമില്ല." രാമനുണ്ണി പറഞ്ഞു.

പ്രഭാവതി രാമനുണ്ണിയുടെ ഭാര്യയായത് നാളിതുവരെ ഗോപിനാഥ് അറിഞ്ഞിരുന്നില്ല. പ്രഭാവതി സമ്മിശ്രവികാരങ്ങളുമായി തലതാഴ്ത്തി നിൽക്കുമ്പോൾ ഗോപിനാഥിന്റെ ഓർമ്മകൾ വർഷങ്ങൾക്ക് പിന്നിലേക്ക് പരതിപ്പോയി.

പച്ച നെല്ലോലകൾ ഇളകിയാടുന്ന വിശാലമായ നെൽപ്പാടം. പാടവരമ്പിന്റെ അരികുപറ്റി, രണ്ടായി പിന്നിയിട്ട തലമുടിക്കെട്ടിൽ സുഗന്ധമുള്ള കൈതപ്പൂ ചൂടി മഞ്ഞബ്ലൗസും പാവാടയും ധരിച്ച് ഇളകിയാടുന്ന അരക്കെട്ടുകൾ ചലിപ്പിച്ച്, തുള്ളിത്തുളുമ്പുന്ന കൊച്ചുമാറിടങ്ങളോടു ചേർത്ത് പുസ്തകക്കെട്ടു പിടിച്ച് കഥ പറയുന്ന മാദളകവിൾത്തടങ്ങളിൽ കള്ളപുഞ്ചിരിയുമായി മന്ദം മന്ദം നടന്നു നീങ്ങുന്ന ഒരു പതിനേഴുകാരി. സ്കൂൾ ഫൈനൽകാരിയായ അവളുടെ യാത്രയിൽ സഹയാത്രികനാകാൻ വേണ്ടി നേരത്തെ വീട്ടിൽ നിന്നിറങ്ങി മരച്ചുവടുകളിലെങ്ങാനും മറഞ്ഞു നിന്നിട്ട് പാടവരമ്പിൽ വെച്ച് പിന്നാലെ എത്തുകയും ചെയ്ത നാളുകൾ! അവളെ മനസ്സിൽ വെച്ച് പൂജിച്ച നാളുകൾ! പ്രഭാവതിയുടെ സമ്പത്തിനും കുടുംബ മഹിമയ്ക്കും മുമ്പിൽ വെറും വട്ടപൂജ്യമായിരുന്നു ഗോപിനാഥിന്റെ കുടുംബം. ഗോപിനാഥിന്റെ ആ വൺവേ പ്രേമം പൂവണിഞ്ഞില്ല. പ്രഭാവതിയുടെ സ്കൂൾഫൈനൽ കഴിഞ്ഞ് അവളുടെ നിലക്കും വിലക്കും അനുയോജ്യമായ ഒരു സമ്പന്ന കുടുംബത്തിലേക്ക് അവളെ വിവാഹം കഴിച്ചുകൊടുത്തു എന്നു മാത്രം ഗോപിനാഥ് മനസ്സിലാക്കി. വരൻ ആരെന്നോ എവിടെയെന്നോ അറിഞ്ഞിരുന്നില്ല.

സ്കൂൾ ഫൈനൽ കഴിഞ്ഞ് ഇന്ത്യൻ എയർഫോഴ്സിൽ ജോലിക്ക് ചേർന്ന ഗോപിനാഥ് കേരളത്തിലേക്ക് ഓണാവധിക്ക് ജയന്തി ജനതയിൽ വരുമ്പോഴാണ് അതേ കമ്പാർട്ട്മെന്റിൽ വെച്ച് പങ്കജത്തെ കാണുന്നതും പ്രേമബദ്ധനാകുന്നതും. ദൽഹിയിലെ ഓൾഇന്ത്യാ മെഡിക്കൽ ഹോസ്പിറ്റലിലെ സ്റ്റാഫ് നേഴ്സാണ് പങ്കജം. ഒരു മാസത്തെ അവധിക്കാണു പങ്കജവും നാട്ടിലേക്ക് തിരിച്ചിരിക്കുന്നത്. ഓണാവധിക്കാലത്തു തന്നെ വിവാഹിതരായിട്ടാണ് ദൽഹിയിലേക്ക് മടങ്ങിയത്. താമസിയാതെ പങ്കജം അമേരിക്കയിൽ നേഴ്സിംഗ് ജോലിക്കായി സി.ജി.എഫ്.എൻ.എസ് പരീക്ഷ എഴുതുകയും ഗോപിനാഥുമായി കുടിയേറ്റ വിസയിൽ ന്യൂയോർക്കിൽ വന്ന് താമസമാക്കുകയും ചെയ്തു.

മുപ്പത്തഞ്ച് വർഷത്തോളം നീണ്ട ആ ദാമ്പത്യം തകർന്ന് ഇന്ന് ഗോപിനാഥ് കൊച്ചിയിലെ ഒരു വില്ലയിൽ പണ്ട് താലിചാർത്താൻ കൊതിച്ച ഒരു പഴയ അപ്സരസ്സിന്റെ മുമ്പിൽ ഇതികർത്തവ്യതാമൂഢനായി നിലകൊള്ളുകയാണ്.

ഒരു കാലത്ത് സമ്പൽസമൃദ്ധിയുടെ ഉത്തുംഗ ശ്രേണിയിലായിരുന്ന രാമനുണ്ണിയുടെ സമ്പത്തും ഐശ്വര്യവും കാലത്തിന്റെ കുത്തൊഴുക്കിൽ നഷ്ടമായി. അതോടുകൂടി പഴയ കുടുംബമഹിമയും പ്രതാപവും അസ്തമിച്ചിരിക്കുന്നു. രാമനുണ്ണി പ്രഭാവതി ദമ്പതിമാർക്ക് പുരനിറഞ്ഞു നിൽക്കുന്ന അതി സുന്ദരിമാരായ ഭവ്യ, കാവ്യ, നവ്യ, എന്ന മൂന്നു പെൺമക്കൾ. മൂവരും തമ്മിൽ ഏതാണ്ട് ഈരണ്ടു വയസ്സിന്റെ മാത്രം പ്രായവ്യത്യാസം. സാമാന്യ സ്കൂൾ വിദ്യാഭ്യാസത്തിനപ്പുറം ഉപരിപഠനത്തിനുള്ള ഭാഗ്യമില്ലാതായിപ്പോയി. രാമനുണ്ണിയുടെ ദരിദ്രമായ സാമ്പത്തിക നിലവാരമാണ് അവരുടെ ഉപരിവിദ്യാഭ്യാസത്തിനും മംഗല്യഭാഗ്യത്തിനും വിഘാതം. ദിനം തോറും മൂത്ത് മൂരടിച്ചുകൊണ്ടിരുന്ന മൂത്ത മകളെ കാണുമ്പോൾ അമ്മയായ പ്രഭാവതിയമ്മയുടെ നെഞ്ചിൽ തീയാണ്.

ഗോപിനാഥിനും രാമനുണ്ണിക്കും തമ്മിലുള്ള സൗഹൃദത്തിന് കൂടുതൽ വൈകാരികതയും ഊഷ്മളതയും ഏറി വന്നു. ഗോപിനാഥനിൽ നിന്ന് കൂടുതൽ പണം കടം വാങ്ങാനും സഹായങ്ങൾ കൈപ്പറ്റാനും രാമനുണ്ണിയുടെ മനസ്സിൽ ഏതോ ഒരു മടി, ഒരു തരം ജാള്യത. എത്ര കാലമാണ് കുഴിച്ചിടം തന്നെ കുഴിക്കുക. രാമനുണ്ണി മടിച്ചു മടിച്ചാണ് മനസ്സിലുള്ളത് ഗോപിനാഥിനോട് തുറന്നു പറഞ്ഞത്.

"എത്ര രൂപാ തന്ന് ഗോപി തങ്ങളെ സഹായിച്ചിരിക്കുന്നു. ഇതു എത്രകാലാന്നു കരുതിയാ.! നമ്മളു തമ്മിൽ ഒരു ബന്ധം, അതായത് ഒരു ബന്ധുത, ഒരു വിവാഹബന്ധം സ്ഥാപിക്കാൻ പറ്റിയിരുന്നെങ്കിൽ ഈ സഹായങ്ങൾക്ക് ഒരു ഉറപ്പും സാധുതയുമുണ്ടായിരുന്നു. ഗോപി ഇനി എത്രനാളാ ഈ ഒറ്റത്തടിയായിക്കഴിയുക. നിങ്ങൾക്കും ഒരിക്കൽകൂടെ ഒരു പെൺതുണ ആയിക്കൂടെ.... ഗോപി എന്റെ മോൾ ഭവ്യയെ മംഗല്യം കഴിയ്ക്കാമോ? അവളെ ഞാൻ ഗോപിക്ക് തരാം. വേണ്ടെന്നു പറയരുത്. അപ്പോപിന്നെ മുങ്ങിത്താഴുന്ന ഒരു കുടുംബത്തിലെ ഒരു ബന്ധുവായി വന്നു ഞങ്ങളെ കരകേറ്റാൻ പറ്റും. "

തികച്ചും അപ്രതീക്ഷിതമായിരുന്നു രാമനുണ്ണിയുടെ വാക്കുകളും അപേക്ഷകളും. അവ അറബിക്കടലിലെ സുനാമിത്തിരപോലെ ഗോപിനാഥിന്റെ ഹൃദയത്തിൽ ആഞ്ഞടിച്ചു. നിസ്സഹായനായ രാമനുണ്ണിയോട് ഗോപിനാഥ് മറുപടിയൊന്നും പറഞ്ഞില്ല. പറയാൻ മനസ്സനുവദിച്ചില്ല. പിന്നാലെ ചിന്തിയ്ക്കാം എന്നു മാത്രം പറഞ്ഞ് വിഷയം മാറ്റുകയായിരുന്നു.

"ഒരു കാലത്ത് ഈ രാമനുണ്ണിയുടെ ഭാര്യ പ്രഭാവതി തന്റെ കരളിൽ കൂടുകൂട്ടിയ ഒരു സ്വപ്നകുമാരിയായിരുന്ന വിവരം രാമനുണ്ണിയുണ്ടോ അറിയുന്നു. ഇന്നു ആ സുന്ദരിയുടെ മൂത്തപുത്രിയായ ഭവ്യയെ തന്റെ വധുവായി അവർ പ്രപ്പൊസൽ ചെയ്തിരിക്കുന്നു. കാലങ്ങൾ ഓരോ മനുഷ്യനിലും വരുത്തുന്ന മാറ്റങ്ങൾ .... എല്ലാം ഓരോ വിരോധാഭാസങ്ങൾ, കടംകഥകൾ.... പണത്തിന്റെ, ഡോളറിന്റെ വില, പ്രായഭേദങ്ങളുടെ സമസ്യ മാറ്റി എഴുതുന്നു. "

ഗോപിനാഥ് ഉറങ്ങാൻ കിടന്നപ്പോൾ പലവട്ടം അഗാധമായി ചിന്തിച്ചു. ഉറക്കം വരാത്ത രാത്രികൾ. ഒരു തീരുമാനവും എടുക്കാൻ പറ്റാത്ത അവസ്ഥ. ദു:ഖ സന്തോഷ സമ്മിശ്രമായ ഒരവസ്ഥ.

ഗോപിനാഥിന്റെ കൊച്ചിയിലെ വാസം ഇതിനികം ഒരു വർഷം പൂർത്തിയായിരുന്നു. അന്നൊരു സായംസന്ധ്യയിൽ ഗോപിനാഥിന്റെ വില്ലയുടെ ഡ്രൈവേയിൽ ഒരു കാർ വന്നു നിന്നു. കാറിൽ നിന്ന് രണ്ട് യുവാക്കളും അവരുടെ അമ്മയെന്നു തോന്നിക്കുന്ന മദ്ധ്യവയസ്ക്കയായ ഒരു പ്രൗഡസ്ത്രീയും ഇറങ്ങിവന്നു. വാതിൽ തുറന്ന് വെളിയിലേക്ക് വന്ന ഗോപിനാഥിനെ അവർ മൂവരും ചേർന്ന് കെട്ടിപ്പിടിച്ചു. ഗോപിനാഥിന് സ്വന്തം കണ്ണുകളെ വിശ്വസിക്കാൻ പറ്റിയില്ല. ഒരു കൊല്ലത്തിനുശേഷമുള്ള നിനച്ചിരിയ്ക്കാത്ത അഭൂതപൂർവ്വമായ ഒരു സംഗമം!.

"നമ്മൾ തമ്മിൽ കടലാസിലേ വേർപിരിഞ്ഞിട്ടുള്ളൂ. നമ്മൾക്ക് മനസ്സിൽ നിന്ന് അങ്ങോട്ടുമിങ്ങോട്ടും കുടിയിറങ്ങാൻ പറ്റുമോ? ഞാനും ഇനി നിങ്ങളുടെ കൂടെയുണ്ട് എന്റെ ഗോപിയേട്ടാ... " പങ്കജം നിറകണ്ണുകളോടെ ഗോപിനാഥിനെ കെട്ടിപ്പിടിച്ചു കരഞ്ഞു. അമ്മയുടെയും അച്ഛന്റെയും വൈകാരിക പ്രകടനങ്ങളും കരച്ചിലും അമേരിക്കയിൽ പിറന്ന ആ രണ്ടു ആൺമക്കൾ.... സന്ദീപിന്റെയും പ്രദീപിന്റെയും മിഴികളിൽ ഈറനണിയിച്ചു.

"എന്റെ പങ്കം.... മക്കളെ, പ്രദീപ്, സന്ദീപ്, ഈശ്വരൻ നേരുള്ളവനാണെടാ .... " ഗോപിനാഥ് സഹധർമ്മിണിയേയും മക്കളേയും നെഞ്ചോടു ചേർത്തുപിടിച്ചു ആനന്ദാശ്രു പൊഴിച്ചുകൊണ്ടു പറഞ്ഞു.

കഴിഞ്ഞ പിണക്കങ്ങളെല്ലാം ഒരു സ്വപ്നമായി അവർ കരുതി. സ്വച്ഛമായ സമാധാനവും ആഹ്ലാദനിർഭരമായി ഒരു മാസം അങ്ങനെ കടന്നുപോയി.

കൊച്ചിയിലെ ഡർബാർ ഹാളിൽ തനി കേരളീയ രീതിയിൽ ഒരു കല്ല്യാണമണ്ഡപവും വിവാഹപന്തലും കേളികൊട്ടും ഉയർന്നു. അമേരിക്കയിൽ നിന്നെത്തിയ ഗേപിനാഥിന്റെ മൂത്തമകനായ സന്ദീപും ഗോപിനാഥിന്റെ സതീർത്ഥ്യമായ രാമനുണ്ണിയുടെ സീമന്തപുത്രിയായ ഭവ്യയുടെയും വിവാഹമാണ്. ഗോപിനാഥും പങ്കജവും ചെറുക്കനിരുവശത്തും, രാമനുണ്ണിയും പ്രഭാവതിയും മണവാട്ടി പെണ്ണിനിരുവശത്തും നിൽപ്പുറപ്പിച്ചു. അടുത്തമാസം നവവധൂവരന്മാർ അമേരിക്കയിലെ ന്യൂയോർക്കിലേക്ക് പറക്കാനാണ് പദ്ധതി.

അവിടെ വീണ്ടും ഒരു സുന്ദരമായ പ്രഭാതം പൊട്ടിവിടരുകയായി.